# മാർട്ടിൻ ലൂതറിന്റെ മതനവീകരണവിപ്ലവത്തിന്റെ അഞ്ചു നൂറ്റാണ്ടുകളിലൂടെ.

(ജോർജ് നെടുവേലിൽ)

കാലമെത്രകഴിഞ്ഞാലും ചിലചരിത്രസംഭവങ്ങളുടെ പ്രസക്തതിക്ക് ഊനം തട്ടുന്നില്ല. ചരിത്രത്തിന്റെ ഗതിവിഗതികളെ അവ നിയന്ത്രിച്ചുകൊണ്ടേയിരിക്കും. അതിന്റെ അനന്തരഫലങ്ങൾ ചരിത്രത്തിന്റെ ഗതിക്ക് നിരന്തരം മാറ്റമുണ്ടാക്കാൻ പോരുന്നവയുമായിരിക്കും. അമ്മാതിരി ചരിത്രസംഭവങ്ങളെ ചരിത്രകാരന്മാർ വഴിത്തിരിവുകൾ എന്ന് വിശേഷിപ്പിക്കുന്നു. ചരിത്രത്തിന്റെ വഴിത്തിരിവിന് വകയായ അനേകം മഹാസംഭവങ്ങൾ കാലാകാലങ്ങളിൽ സംഭവിച്ചിട്ടുണ്ട്. അങ്ങനെയുള്ള മഹാസംഭവങ്ങൾക്ക് ജർമ്മനി പോലെ സാക്ഷ്യം വഹിച്ചിട്ടുള്ള രാജ്യങ്ങൾ വിരളമാണ്. ഒന്നാം ലോകമഹായുദ്ധവും, രണ്ടാംലോകമഹായുദ്ധവും, ശീതസമരവും(cold war), ന്യൂറംബർഗ് വിചാരണയും ജർമ്മൻ മണ്ണിൽ അരങ്ങേറിയിട്ട് ഒരു നൂറ്റാണ്ട് പിന്നിട്ടതേയുള്ളു. അവയുടെ തിക്താനുഭവങ്ങൾ നേരിട്ടനുഭവിച്ച ചിലരെങ്കിലും നമ്മുടെയിടയിൽ ഇന്നും ജീവിച്ചിരിക്കുന്നുണ്ടാവും. അതിരുകടന്ന സാമ്രാജ്യമോഹവും, ദിശതെറ്റിയ ദേശീയബോധവും, ചില പുതിയ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുമാണ് അവക്ക് ഊരും വീര്യവും നൽകിയത്. അവയെല്ലാം ഇരുപതാം നൂറ്റാണ്ടിന്റെ സന്തതികളുമായിരുന്നു.

മേലുദ്ധരിച്ച മഹാസംഭവങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായി, പതിനാറാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ, ചരിത്രത്തിന്റെ വഴിത്തിരിവിന് വഴിവെട്ടിയ ഒരു മഹാസംഭവത്തിനു ജർമ്മനി വേദിയായി. മതനവീകരണവിപ്ലവം(Reformation) എന്ന പേരിൽ ചരിത്രത്തിൽ അതറിയപ്പെടുന്നു. ഒരു വ്യക്തി, ഒരു പത്രിക, എതാനും നിമിഷങ്ങൾ-യൂറോപ്പിന്റെ ചരിത്രം മാറ്റിക്കുറിക്കുവാൻ അവ അധികമായിരുന്നു. ആ ചരിത്രസംഭവത്തിന്റെ മഹത്തായ അഞ്ഞൂറാം വാർഷികത്തിന് ഏതാനും ദിവസങ്ങൾ മാത്രമേ ശേഷിച്ചിട്ടുള്ളു. 2017 ഒക്ടോബർ31-ന്, ആ സുദിനം ആഘോഷിക്കാൻ ക്രിസ്തീയലോകം 2008 ഒക്ടോബർ മുതൽ ഒരു ദശാബ്ദക്കാലമായി ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഒരു മഹാസംഭവത്തിന്റെ അഞ്ഞൂറാം വാർഷികം പതിറ്റാണ്ടുകാലം ആഘോഷിക്കുക എന്നതുതന്നെ ഒരു ചരിത്ര സംഭവമല്ലേ?.

ജർമ്മനിയിലെ വിറ്റൻബർഗ് നഗരത്തിലെ പ്രസിദ്ധമായ പള്ളിയാണ് കാസിൽ ചർച് എന്ന് അറിയപ്പെടുന്ന സകല പുണ്യവാന്മാരുടെയും പേരിലുള്ള പള്ളി. പ്രസ്തുത പള്ളിയുടെ പരിപാവനമായ പരിസരത്തിൽവച്ചാണ് 1517 ഒക്ടോബർ 31-ന്, യൂറോപ്പിന്റെ ചരിത്രം മാറ്റിക്കുറിച്ച മതനവീകരണ വിപ്ലവത്തിന്ഗണപതിക്കു കുറിച്ചത്.

മാർട്ടിൻലൂതർ ആയിരുന്നു ഈവിശുദ്ധകർമ്മത്തിന്കാഹളംമുഴക്കാൻ കരുത്തുകാണിച്ചത് ആകാഹളധ്വനിയൂറോപ്പിലെങ്ങുംമാറ്റൊലിക്കൊണ്ടു.അതിന്റെ അനുരണനം ലോകമാസകലം ഇന്നുംതുടരുന്നു.ലൂതർ തുടക്കമിട്ട മതനവീകരണപ്രസ്ഥാനം അതിവേഗത്തിൽ ഒരുമഹാവിപ്ലവമായി വളർന്നു. വിപ്ലവങ്ങൾലക്ഷ്യമാക്കുന്നത്ചിലകാര്യങ്ങൾ നേടിയെടുക്കുന്നത് മാത്രമല്ല,ചിലദുഷിച്ച വ്യവസ്ഥിതികൾക്ക് അറുതി വരുത്തുക എന്നതും എല്ലാവിപ്ലവങ്ങളുടെയും പ്രധാനലക്ഷ്യമാണ്. ലൂതറിന്റെ മതനവീകരണവിപ്ലവംലക്ഷ്യമിട്ടത് അധികാരമോഹവും,അധാർമ്മികതയും അഴിമതിയും മുറ്റിനിന്ന കത്തോലിക്കാപ്പള്ളിയുടെ അപഥസഞ്ചാരത്തിന് തടയിടുക എന്നതായിരുന്നു.

ഈ സന്ദർഭത്തിൽ,മതനവീകരണകാലത്തെ-പതിനാറാംനൂറ്റാണ്ട്-യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങളുടെരാഷ്ട്രീയ,സാമൂഹ്യ,സാമ്പത്തിക, മത ജീവിതത്തെ മനസിലാക്കണം.കത്തോലിക്കാപ്പള്ളിയുടെ പരമാദ്ധ്യക്ഷനായ റോമിലെ മാർപ്പാപ്പ ആയിരുന്നു അക്കാലത്തെ യൂറോപ്പിന്റെ ഭാഗധേയങ്ങൾ നിയന്ത്രിച്ചിരുന്നത്.വിശുദ്ധറോമാചക്രവർത്തി പോപ്പിന്റെ പാവ ആയിരുന്നു. ആത്മീയാധികാരങ്ങളും രാഷ്ട്രീയാധികാരങ്ങളും പോപ്പിൽ കേന്ദ്രീകരിച്ചിരുന്നു. യുറോപ്പിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലുംനിന്ന് പോപ്പിനും പള്ളിക്കും വേണ്ടി നിർബന്ധമായി പണം പിരിച്ചിരുന്നു. പിള്ളത്തൊട്ടിൽ മുതൽ പള്ളിക്കുഴിവരെയുള്ള, വിശ്വാസികളുടെ എല്ലാവ്യപാരങ്ങളും പള്ളിയുടെ കർശന നിയന്ത്രണത്തിലായിരുന്നു. പള്ളിയുടെയും പട്ടക്കാരുടേയും താല്പര്യങ്ങൾക്കപ്പുറം ഒരു ജീവിതം സ്വപ്നം കാണാൻപോലും സാധ്യമല്ലായിരുന്നു. പള്ളി വച്ചുകെട്ടുന്ന നുകത്തിന്റെ ഭാരവുംപേറി ജീവിതം

പോക്കാനായിരുന്നു ദൈവമക്കളുടെ വിധി. പള്ളി തരുന്ന പങ്കപ്പാടുകളെല്ലാം ദൈവതിരുമനസ്സിനു കീഴ്വഴങ്ങി അനുഭവിക്കണമെന്ന വിശ്വാസം ഇളംപ്രായത്തിൽത്തന്നെ വിശ്വാസികളുടെ തലയിൽ തറച്ചുകയറ്റിയിരുന്നു. പുണ്യവാന്മാരെ വണങ്ങുക, പുണ്യവാന്മാരുടെ നാമത്തിലുള്ള പള്ളികളിലേക്ക് തീർത്ഥയാത്രകൾ നടത്തുക എന്നിങ്ങനെയുള്ള ഭക്തിപ്രകടനങ്ങൾ നിർബന്ധമായിരുന്നു. വിട്ടുവീഴ്ച ചെയ്യാത്ത കർക്കശനായിട്ടാണ്, ക്രിസ്തുവിനെ, വിശ്വാസികൾ മനസ്സിലാക്കിയിരുന്നത്. ക്രിസ്തുവിനെ നേരിട്ടു സമീപിക്കുവാനും സന്തോഷസന്താപങ്ങൾ സമർപ്പിക്കുവാനും വിശ്വാസികൾ ഭയപ്പെട്ടു. തന്മൂലം,പുണ്യവാന്മാരുടെ മാദ്ധ്യസ്ഥം യാചിക്കേണ്ടത് ആവശ്യമായിരുന്നു. പള്ളിയുടെ നേർച്ചപ്പെട്ടി നിറയുവാൻ ഇതു സഹായിച്ചു. തിരുശേഷിപ്പുകളുടെ വണക്കവും വിൽപ്പനയുമായിരുന്നു പണം വാരാൻ പള്ളി കണ്ടുപിടിച്ച മറ്റൊരുവഴി. പാപപ്പൊറുതിക്കും, പരലോകപ്രാപ്തിക്കും ഉതകുന്ന ഉത്തമ സൽപ്രവർത്തിയായി പള്ളി ഇതിനെ വാഴ്ത്തി. കന്യകാമറിയത്തിന്റെ മുലപ്പാൽമുതൽ യൂദാസിന്റെ ഒറ്റുകാശ്വരെ, ആയിരക്കണക്കിനു തിരുശേഷിപ്പുകൾ വണക്കത്തിനു വച്ചിരുന്നു.വിശ്വാസികളുടെ ജീവിതവ്യാപാരങ്ങളുടെ നന്മതിന്മകളെ വ്യാഖ്യാനിച്ചിരുന്നത്പള്ളിയായിരുന്നു. 'പാപം, പശ്ചാത്താപം, പ്രായശ്ചിത്തം'- ഈ വിഷമ വൃത്തത്തിൽ വീർപ്പുമുട്ടിയായിരുന്നു മധ്യകാലഘട്ടത്തിലെ ക്രിസ്ത്യാനികൾ ജീവിതം തള്ളിനീക്കിയിരുന്നതെന്ന് ഡോക്ടർ കിറ്റിൻസൺ നിരീക്ഷിക്കുന്നു. ക്രിസ്തുവിന്റെ, ലോകത്തിലെ,ഏകപ്രതിപുരുഷനാണ്റോമിലെമാർപ്പാപ്പാഎന്ന്കത്തോലിക്കാപള്ളിപഠിപ്പിക്കുന്നു.പാപ്പായുടെ പരമാധികാരത്തിലുള്ള പള്ളിയിലൂടെമാത്രമേ സ്വർഗ്ഗീയാനന്ദം നേടാനാവൂ എന്നും കത്തോലിക്കാപള്ളിപഠിപ്പിച്ചിരുന്നു.ഭൂമിയിൽ ജനിച്ചവരാരും നേരിട്ട് സ്വർഗരാജ്യത്തിൽ പ്രവേശിക്കത്തക്കവണ്ണം പരിശുദ്ധരല്ലെന്നായിരുന്നു പള്ളിയുടെസിദ്ധാന്തം. എന്നാൽപോരായ്മകൾപരിഹരിച്ച്സായൂജ്യംപ്രാപിക്കുന്നതിനുതകുന്ന ശുദ്ധീകരണസ്ഥലം(purgatory)ചൂണ്ടിക്കാട്ടി സഭ വിശ്വാസികൾക്ക് ആശയുംആശ്വാസവുംഅരുളി.വിശ്വാസികളിൽനിന്നുംപണംപിടുങ്ങാനുള്ളപള്ളിയുടെ മറ്റൊരു പദ്ധതിയായിരുന്നു ശുദ്ധീകരണസ്ഥലസിദ്ധാന്തം.

ക്രിസ്തുവർഷം 313-ൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തെ ആശ്ലേഷിച്ചു.മനോഹരമായലാറ്ററൻകൊട്ടാരം(Lateran palace) മാർപ്പാപ്പായ്ക്ക് സമ്മാനിച്ചു. രാജകീയാധികാരങ്ങളും രാജകീയവസ്ത്രങ്ങളും അനുവദിച്ചു. കൊടിയും വടിയും മുടിയും കൊട്ടാരവും കിട്ടിയപ്പോൾ ക്രിസ്തുവിന്റെ വികാരിയുടെ മട്ടു മാറി. ക്രിസ്തുവിനെമറന്നു-മാറ്റിനിറുത്തി. ക്രിസ്തുവിന്റെ സുവിശേഷത്തിന് അശേഷം വിലകൽപ്പിക്കാതായി.

ഇതിനിടയിൽ കത്തോലിക്കാസഭയിൽ അഴിമതിയും അധികാരദുരുപയോഗവും അധാർമ്മികതയും തഴച്ചുവളർന്നുകൊണ്ടിരുന്നു. ആദിമക്രിസ്ത്യൻസമൂഹത്തിന്റെ നന്മയും എളിമയും സഭക്ക്നഷ്ടമായി. ക്രിസ്തുവിന്റെ സുവിശേഷം മുറുകെപ്പിടിച്ചവർക്കാർക്കും ഇതു സഹിക്കാവുന്നതായിരുന്നില്ല.1510-ൽ, മാക്സിമിലിൻ ചക്രവർത്തിയുടെ സാന്നിധ്യത്തിൽ നടന്ന പ്രഭാഷണത്തിനിടയിൽ ജോൺഗെയ്ലേർ(JohanGailer)പ്രവചിച്ചതിങ്ങനെ:"മാർപ്പാപ്പായോ,ചക്രവർത്തിയോ,മെത്രാന്മാരോ നമ്മെ നന്മയിലേക്ക് തിരിച്ചുവിടുമെന്നു നിശ്ചയമില്ല. ക്രിസ്തുതന്നെ, ഈ ദൗത്യം നിർവഹിക്കുന്നതിനായി ഒരാളെ നിയോഗിക്കുമെന്നാണ് എന്റെവിശ്വാസം. ആ സുദിനത്തിനായി ഞാൻ കാത്തിരിക്കുന്നു". അദ്ദേഹത്തിന്റെ,1510-ലെ പ്രവചനമല്ലേ 1517-ൽ മാർട്ടിൻ ലൂതർ എന്ന സന്ന്യാസ വൈദീകനിലൂടെ, വിറ്റൻബർഗ് പള്ളിയിൽവച്ചു പൂർത്തിയായത്?.ഇറ്റാലിയൻ ചിന്തകനായ മാക്കിയവെല്ലിയും, (MACHIAVELLI) പിൽക്കാലത്തു് ക്രിസ്തുമതത്തിനുണ്ടായ മൂല്യശോഷണത്തിൽ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ഗെയ്ലേറും മാക്കിയവെല്ലിയും വിരൽചൂണ്ടിയത് സഭയിലെ അഴിമതികളുടെയും പുരോഹിതവർഗ്ഗത്തിന്റെ ഇടയിലെ ദുർവൃത്തിയുടെയും നേരെയാണ്.

മതനവീകരണകാലഘട്ടത്തിലെ കത്തോലിക്കാപുരോഹിതന്മാർ സൻമ്മാർഗ്ഗനിഷ്ഠ പുലർത്തുന്നതിൽ ജാഗ്രത കാണിച്ചിരുന്നില്ല. നൂറ്റാണ്ടുകളായിട്ട് അവർ അങ്ങനെ ആയിരുന്നു.പുരോഹിതന്മാർ ബ്രഹ്മചര്യം പാലിക്കണമെന്നായിരുന്നു സഭാനിയമം, പക്ഷെ, നല്ലൊരുഭാഗം പുരോഹിതന്മാർക്ക് രഹസ്യഭാര്യമാരും സന്താനങ്ങളും ഉണ്ടായിരുന്നു. ഇത് ഒരു വലിയ സാമൂഹ്യ പ്രശ്നത്തിന് കാരണമായി. ഈ രഹസ്യബന്ധത്തിലുണ്ടായ കുട്ടികളോട് സമുദായം ദയ കാണിച്ചിരുന്നില്ല. പണ്ഡിതനും പുരോഹിതനുമായ ഇറാസ്മുസ്(ERASMUS) ഒരു പുരോഹിതന്റെ പുത്രനായിരുന്നു. ഇത് ഇറാസ്മുസിനെ നിത്യം അലട്ടിയിരുന്നു. പുരോഹിതന്മാർ അവരുടെ അദ്ധ്യാത്മികചുമതല നിറവേറ്റുന്നതിൽ അലസരായിരുന്നു. പള്ളിമേടകളിൽ താമസിക്കാൻ പലരും മടികാണിച്ചു. ഫ്രാൻസിലെ സെൻസ്രൂപതയുടെ മെത്രാൻആയിരുന്ന അന്തോണിയോപ്രാറ്റ്,അദ്ദേഹത്തിന്റെ കത്തീഡ്രൽപള്ളി സന്ദർശിച്ചത് കേവലം ഒരുപ്രാവശ്യംമാത്രമാണ്- സ്വന്തം കബറടക്കത്തിന്.മാർപ്പാപ്പാമാരുടെ നേരിട്ടുള്ള ഭരണത്തിൽ സംസ്ഥാനങ്ങൾ ഉണ്ടായിരുന്നു,

സൈന്യമുണ്ടായിരുന്നു, ശത്രുക്കളുമുണ്ടായിരുന്നു. വിശ്വാസികളുടെ ആത്മീയകാര്യങ്ങളിൽ താൽപര്യം കമ്മിയായിരുന്നു. രാഷ്ട്രീയം,ശത്രുസംഹാരം, സുഖഭോഗം എന്നിവയിൽ അവർ മുഴുകിക്കഴിഞ്ഞു. മാർപ്പാപ്പാസ്ഥാനത്തോട് വെറുപ്പും എതിർപ്പും വിശ്വാസികളിൽ ഇത് സൃഷ്ടിച്ചു.മെത്രാന്മാർ ഏറെയും ഉന്നതകുടുംബജാതരും ഭൂസ്വാമികളുമായിരുന്നു. ഇവയാണ് മെത്രാൻപദവിക്ക് അവരെ യോഗ്യരാക്കിയത്. പുരോഹിതരല്ലാത്തവരും മെത്രാൻ/കർദ്ദിനാൾ പദവിയിൽ കയറിപ്പറ്റിയിരുന്നു. കൗമാരംകടക്കാത്തകർദ്ദിനാളുംഇക്കാലത്തുണ്ടായിരുന്നു.കത്തോലിക്കാസഭാസംവിധാനം, അടിമുതൽ മുടിവരെ അഴിമതിയിൽ കുളിച്ചുനിന്നു. സഭാധികാരികളുടെ ആർത്തിയും സാമ്പത്തികനയങ്ങളും ഇതിനു ആക്കവും ആഴവും നൽകി.

കത്തോലിക്കാസഭക്കും പരിശുദ്ധസിംഹാസനത്തിനും നാണക്കേടുണ്ടാക്കിയ കാലഘട്ടമായിരുന്നു 1378-1419. ഒരേ സമയം മൂന്നു പാപ്പാമാർ പത്രോസിന്റെ സിംഹാസനത്തിനുവേണ്ടി പരസ്പരം മല്ലടിച്ചു. വിശ്വാസികൾക്കിത് ചിന്താക്കുഴപ്പവും പരിഭ്രാന്തിയും ഉളവാക്കി. പാപ്പാസ്ഥാനത്തിന്റെ പരിശുദ്ധിയിൽ അവർ സംശയാലുക്കളായി.

വിശ്വാസികളെ ചൂഷണം ചെയ്ത് പണം സ്വരൂപിക്കാൻ സഭ കണ്ടുപിടിച്ച ഏറ്റവും ഫലവത്തായ മാർഗ്ഗം ദണ്ഡവിമോചനക്കച്ചവടമായിരുന്നു(sale of indulgence). അർബൻ മാർപ്പാപ്പാ 1096-ൽ കുരിശുയുദ്ധത്തിന് ആളും അർത്ഥവും അടുപ്പിച്ചത് ദണ്ഡവിമോചനം വാഗ്ദാനം ചെയ്തായിരുന്നു. പിൽക്കാലത്തു്, പണം സ്വരൂപിക്കാനുള്ള ചൂടപ്പമായി കത്തോലിക്കാപ്പള്ളി ദണ്ഡവിമോചന ക്കച്ചവടത്തെ കരുവാക്കി. പതിനഞ്ചാം നൂറ്റാണ്ടിൽ ദണ്ഡവിമോചനത്തിന്റെ പേരിലുള്ള ചൂഷണം കണ്ടമാനം വർദ്ധിച്ചു. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഉതകുന്നതാണ് സഭയുടെ ഈ വരദാനം എന്നാണ് വിശ്വാസികൾ മനസ്സിലാക്കിയിരുന്നത്. ദണ്ഡവിമോചനസർട്ടിഫിക്കറ്റുകളുടെ കച്ചവടം ഉപജീവനമാക്കിയവർ അത് ദുരുപയോഗം ചെയ്യാനും മടിച്ചില്ല. വ്യാജസർട്ടിഫിക്കറ്റകളും വ്യാപകമായിരുന്നു.

ആദ്യകാലങ്ങളിൽ, വിശ്വാസികളുടെ സൽപ്രവർത്തികളെ പ്രോത്സാഹിപ്പിക്കുന്നതിനായിരുന്നു സഭാധികാരികൾ ദണ്ഡവിമോചനം അനുവദിച്ചിരുന്നത്. ക്രമേണ പള്ളിയും വിശ്വാസികളും ചേർന്ന് അതിനെ ദുരുപയോഗിക്കാൻ തുടങ്ങി. കാശ് കൊടുത്താൽ പാപപ്പൊറുതി കിട്ടുമെന്ന് കണ്ടപ്പോൾ ആവശ്യക്കാർ അനേകമായി. തങ്ങളുടെ സുഖലോലുപജീവിതത്തിനും ധൂർത്തിനും കാശുണ്ടാക്കാൻ പറ്റിയ മാർഗ്ഗമായി മനസിലാക്കിയ പള്ളിമേധാവികൾ ഇതിനെ പ്രോത്സാഹിപ്പിച്ചു.

റോമിലെ മഹത്തും മനോഹരവുമായ പള്ളിയായിരുന്നു, പ്രഥമ പാപ്പാ ആയിരുന്ന പത്രോസിന്റെ നാമത്തിലുള്ള ബസ്ലിക്ക. 1515-ൽ, ലിയോ പത്താമൻ മാർപ്പാപ്പാ ഇത് പുതുക്കിപണിയാൻ തീരുമാനിച്ചു. ദണ്ഡവിമോചനക്കച്ചവടത്തിലൂടെ ആവശ്യമായ പണം ശേഖരിക്കുന്നതിന് തീരുമാനമായി.വൈദികവൃത്തിയേക്കാൾ വൈശ്യവൃത്തി വശമായിരുന്ന ഒരു ഡൊമിനിക്കൻ സന്യാസവൈദികനായിരുന്നു ജോൺ ടെറ്റ്സൽ. ജർമ്മനിയിലെ ദണ്ഡവിമോചന വിൽപനയുടെ ചുമതല അദ്ദേഹത്തിനായിരുന്നു. "പണപ്പെട്ടിയിൽ പതിക്കുന്ന നാണയത്തിന്റെ കിലുകിലാരവം കാതിലെത്തുന്ന മാത്രയിൽ,ശുദ്ധീകരണസ്ഥലത്തിൽ യാതനപ്പെടുന്ന ആത്മാവ് സ്വർഗ്ഗത്തിലേക്ക് കുതിക്കുന്നു". ഇപ്രകാരമുള്ള, വാചകക്കസർത്തുകളുമായി ടെറ്റ്സൽ, ജർമ്മനിയുടെ നാനാഭാഗത്തും ദണ്ഡവിമോചനക്കച്ചവടം തകൃതിയായി നടത്തി.

ടെറ്റ്സലിൻറെ വാചകക്കസർത്തിന്റെ മാസ്മരികതയിൽ മയങ്ങാത്തവർ വിരളമായിരുന്നു. മാർപ്പാപ്പായുടെ കയ്യൊപ്പു പതിച്ച ദണ്ഡവിമോചന പത്രികകൾ ചൂടപ്പംപോലെ വിറ്റഴിഞ്ഞു. വിളംബംവിനാ, ഈ വാർത്ത വിറ്റൻബർഗ്പള്ളിവികാരിയായ മാർട്ടിൻ ലൂതറിന്റെ കാതിലെത്തി. ജർമ്മൻമണ്ണിൽ ടെറ്റ്സൽ നടത്തിയ ദണ്ഡവിമോചനക്കച്ചവടം ലൂതറിന് കോപവും താപവും ഉളവാക്കി. കത്തോലിക്കാപ്പള്ളിയുടെ അധാർമ്മികമായ ഇ പ്രവർത്തിയെ ലൂതർ ശക്തമായി അപലപിച്ചു. പള്ളിയുടെയും പാപ്പായുടെയും ഈ വിഷയത്തിലുള്ള തെറ്റായ സമീപനം അക്കമിട്ടു കാണിക്കുന്ന 95 നിരീക്ഷണങ്ങൾ അടങ്ങിയ ഒരു പത്രിക അദ്ദേഹം ലാറ്റിൻ ഭാഷയിൽ എഴുതിയുണ്ടാക്കി. 1517 ഒക്ടോബർ 31-ന്, വിറ്റൻബർഗ് പള്ളിയുടെ ആനവാതിലിൽ അത് തറച്ചുചേർത്തു. ലോക ചരിത്രത്തിന്റെ ഗതിക്ക് വിപ്ലവകരമായ വ്യതിയാനത്തിന് വഴി തെളിച്ച മതനവീകരണത്തിന്(reformation)അതു ഹരി:ശ്രീ കുറിച്ചു.

പള്ളി വാതിലിൽ ആ പത്രിക പതിക്കുമ്പോൾ,താൻ ജീവനുതുല്യം സ്നേഹിക്കുന്ന, കത്തോലിക്കാപ്പള്ളിയുടെ പിളർപ്പോ പതനമോ ലൂതർ ആഗ്രഹിച്ചിരുന്നില്ല. പത്രികയിൽ അക്കമിട്ടു കാണിച്ചിരുന്ന തന്റെ നിരീക്ഷണങ്ങളെ സംബന്ധിച്ചുള്ള ഒരു തുറന്ന ചർച്ച മാത്രമായിരുന്നു ലൂതറിന്റെ മനസ്സിൽ. പക്ഷെ പോപ്പും പള്ളിയും അതിനു തയ്യാറായില്ല. പിന്നീടുണ്ടായ സംഭവങ്ങൾ ലോകചരിത്രംതന്നെ മാറ്റിക്കുറിക്കുവാൻ പോരുന്നവയായിരുന്നു.യൂറോപ്പിൽ അന്നുവരെ ഉണ്ടായിരുന്ന മതപരമായ ഐക്യം തകർന്നു വീണു.പിന്നീട് ലോകം ദർശിച്ചത് ക്രിസ്തുവിന്റെ പേരിലുള്ള പള്ളിയുടെ പിളർപ്പിന്റെ പരമ്പരയാണ്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും പതനമില്ലാതെ അത് തുടർന്നുകൊണ്ടിരിക്കുന്നു.മാർപ്പാപ്പായുടെ പരമാധികാരവും പരിശുദ്ധിയും ചോദ്യം ചെയ്യപ്പെട്ടു. വിശുദ്ധ റോമാസാമ്രാജ്യത്തെ തകർച്ചയിലേക്ക് തള്ളിവിട്ടു. മതപരമായ അസഹിഹ്ഷ്ണുത അഴിഞ്ഞാടി. ദശാബ്ദങ്ങൾ നീണ്ട യുദ്ധങ്ങൾക്കും മതപീഡനങ്ങൾക്കും ഹേതുവായി. മറിച്ചൊരു നവീകരണത്തിന് കത്തോലിക്കാസഭ നിർബന്ധിതമായി. അതിക്രൂരമായ ഇൻക്വിസിഷൻ അതിന്റെ ഭാഗമായിരുന്നു. അഭിപ്രായസ്വാതന്ത്യത്തിന് കൂച്ചുവിലങ്ങിട്ട ഇൻഡക്സ് അതിന് ബലം പകർന്നു. മതനിന്ദക്കുറ്റം ചുമത്തി ആയിരങ്ങളെ ചുട്ടുകരിച്ചു.

കാട്ടുതീപോലെയാണ് ലൂതറിന്റെ മതനവീകരണപ്രസ്ഥാനം യൂറോപ്പിലെങ്ങും വ്യാപിച്ചത്. അച്ചടിവിദ്യയുടെ കണ്ടുപിടിത്തം ഏറെ സഹായമായി. ലൂതറിന്റെ ലേഖനങ്ങളുടെ ആയിരക്കണക്കിന് പ്രതികൾ യൂറോപ്പിലെങ്ങും പ്രചരിച്ചു. കത്തോലിക്കാപള്ളിയുടെ ചൂഷണത്തിലും അടിമത്തത്തിലും വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന വിശ്വാസികൾക്ക് ലൂതറിന്റെ പുത്തൻ ആശയങ്ങൾ ആശക്കും ആശ്വാസത്തിനും വകനൽകി. മാമ്മോദീസാസ്വീകരിച്ചവരെല്ലാം ക്രിസ്തുവിനു ശുശ്രൂഷ ചെയ്യാൻ യോഗ്യരായ പുരോഹിതരാണെന്ന ലൂതറിന്റെ പ്രബോധനം വിശ്വാസികളെ പുരോഹിതന്മാരുടെ ദാസ്യത്തിൽനിന്നും മോചിപ്പിച്ചു.പോപ്പിന്റെ ആധിപത്യത്തിൽനിന്നും പുറത്തു കടക്കാൻ തക്കം പാർത്തിരുന്ന ജർമ്മൻ രാജാക്കന്മാർ ലൂതറിന്റെ അനുഭാവികളായി-പിന്തുണച്ചു. സ്വാതന്ത്ര്യപ്രേമികളായ രാജാക്കന്മാരും അസംതൃപ്തരായ ജനങ്ങളും ലൂതറനിസത്തെ ആശ്ലേഷിച്ചു.'രാജാവിന്റെ മതം, പ്രജകളുടെ മതം' എന്ന തത്ത്വവും ലൂതറനിസത്തിന്റെ വളർച്ചക്ക് ആക്കമേകി. ചുരുങ്ങിയ കാലത്തിനുള്ളിൽ ലൂതറനിസം യൂറോപ്പിലെങ്ങും പ്രബലമായി.

ലൂതറിന്റെ നിരീക്ഷണങ്ങളും ലേഖനങ്ങളും പോപ്പിനു ലഭിച്ചു. 'താന്തോന്നിയായ ഒരു സന്ന്യാസിപ്പയ്യന്റെ തോന്ന്യാസം'. അതായിരുന്നു പോപ്പിന്റെ ആദ്യപ്രതികരണം. നാവടക്കാനും നല്ലനടപ്പിനും പോപ്പ് കൽപ്പിച്ചു. ആ കൽപ്പനകൾ ലൂതർ ചുട്ടുകരിച്ചു. മാർപ്പാപ്പാ, ലൂതറിനെ മഹറോൻ ചൊല്ലി സഭക്ക് പുറത്താക്കി. വിശുദ്ധ റോമാചക്രവർത്തിയായിരുന്ന ചാൾസ് അഞ്ചാമൻ ലൂതറിന്റെ തലക്ക് വിലയിട്ടു. ലൂതർ രചിച്ച പുസ്തകങ്ങൾ ചുട്ടുചാമ്പലാക്കി. ലൂതറിനും പുസ്തകങ്ങളുടെ ഗതി ഉണ്ടാകുമെന്ന് അനുയായികൾ ഭയന്നു. 1521 ഏപ്രിൽ 16-ന്, ചാൾസ് അഞ്ചാമൻ ചക്രവർത്തിയുടെ മുന്നിൽ വിചാരണക്കായി ലൂതർ ഹാജരാക്കപ്പെട്ടു. കത്തോലിക്കാസഭക്കും, പരിശുദ്ധസിംഹാസനത്തിനും എതിരായി എഴുതിയതും ചെയ്തതും തെറ്റാണെന്ന് ഏറ്റുപറയാൻ ചക്രവർത്തി ആജ്ഞാപിച്ചു. ലൂതറിന്റെ ധീരമായ പ്രതികരണം: "ഞാൻ ചൂണ്ടിക്കാണിച്ച സുവിശേഷ വചനങ്ങളിൽ ഞാൻ ഉറച്ചു നിൽക്കുന്നു. എൻറെ മനസാക്ഷി ദൈവവചനത്തിന് കീഴ്പ്പെട്ടിരിക്കുന്നു. പിന്നോട്ടു പോകാൻ എനിക്ക് സാധ്യമല്ല. എൻറെ മനസാക്ഷിക്കെതിരായി പ്രവർത്തിക്കുന്നത് അപകടകരവും തെറ്റുമാണ്. എനിക്ക് മറ്റൊന്നും ചെയ്യാനാവില്ല. ഇതാ ഞാൻ ഇവിടെ നിൽക്കുന്നു -എന്റെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്". ലൂതറിനെ അനുകൂലിക്കുന്ന രാജാവായിരുന്നു ഫ്രഡറിക് വൈസ്. ലൂതറിന്റെ ജീവൻ അപകടത്തിലാണെന്ന് അദ്ദേഹം ഭയപ്പെട്ടു. അദ്ദേഹം ലൂതറിനെ തുണച്ചു. വാർട്ട്ബെർഗ് കാസിലിൽ ഒളിച്ചു താമസിക്കാൻ ലൂതറിനെ അദ്ദേഹം സഹായിച്ചു. താടിയും മുടിയും വളർത്തി പത്തു വർഷക്കാലം ലൂതർ ആ കോട്ടയ്ക്കുള്ളിൽ വേഷപ്രച്ഛന്നനായി കഴിച്ചുകൂട്ടി. കോട്ടക്കുള്ളിലെ സുരക്ഷിത വാസത്തിനിടയിൽ ലൂതർ, ബൈബിൾ, ജർമ്മൻ ഭാഷയിലേക്കു പരിഭാഷപ്പെടുത്തി. അനേകം ലഘുലേഖകളും ഗ്രന്ഥങ്ങളും രചിച്ചു. അവയെല്ലാം യൂറോപ്പിലെങ്ങും അച്ചടിച്ചു പ്രചരിപ്പിച്ചു.1553 ആയപ്പോഴേക്കും യൂറോപ്യൻ ജനതയിൽ പകുതിയും ലൂതറിന്റെ അനുയായികളായി മാറിക്കഴിഞ്ഞിരുന്നു.

മതനവീകരണം യൂറോപ്യൻ ജനതയ്ക്ക് മതസ്വാതന്ത്ര്യവും രാഷ്ട്രീയസ്വാതന്ത്ര്യവും നേടിക്കൊടുത്തു. പക്ഷെ കൊടുത്ത വില ഞെട്ടിപ്പിക്കുന്നതായിരുന്നു. ഇന്നും ശമിച്ചിട്ടില്ലാത്ത ലഹളകളും ചോരപ്പുഴകളും,രക്തപങ്കിലമായ പീഡനങ്ങളും അതിന്റെ ഫലമായി യൂറോപ്പിലെങ്ങും നടമാടി. കത്തോലിക്കാസഭയിൽ ഉറച്ചുനിന്നവരും, സഭയിൽനിന്നും വിട്ടുപോയവരും ശത്രുക്കളായി മാറി. അവർ

തമ്മിലുള്ള പോരാട്ടം മുപ്പത് സംവത്സരത്തോളം നീണ്ടുനിന്നു. യൂറോപ്യൻ ജനതയിൽ ഇരുപതുശതമാനത്തിലധികം ക്രൂരമായി വധിക്കപ്പെട്ടു. പകർച്ചവ്യാധികളും, പഞ്ഞവും,പട്ടിണിമരണങ്ങളും പതിവായിരുന്നു.1618-ൽ ആരംഭിച്ച യുദ്ധം 1648-ൽ ശമനമായി. യൂറോപ്പിന്റെ മതപരവും രാഷ്ട്രീയവുമായ ഛായക്ക് ഈ യുദ്ധം വൻപിച്ച മാറ്റം വരുത്തി. പല സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമായി. ജർമ്മൻ സംസ്ഥാനങ്ങളിലെ പുരുഷജനസംഖ്യ പകുതിയായി കുറഞ്ഞു. ചെക്ക് റിപ്പബ്ലിക്കിൽനിന്നും ലൂതറിന്റെ അനുഭാവികളെ ആട്ടിപ്പുറത്താക്കി. മുപ്പതു സംവത്സരയുദ്ധശേഷം ജർമ്മനിയിൽ സമാധാനം തിരിച്ചു വന്നു. ജർമ്മനിയുടെ വടക്കുഭാഗത്തു് ലൂതറനിസം ശക്തി പ്രാപിച്ചു. തെക്കൻ സംസ്ഥാനങ്ങളിൽ കത്തോലിക്കാമതം പിടിച്ചുനിന്നു. ഫ്യൂഡൽ വ്യവസ്ഥക്ക് ക്ഷീണം സംഭവിച്ചു. കർഷകർ സ്വതന്ത്രരായി. മുപ്പതു സംവത്സരയുദ്ധം യൂറോപ്പിനു ചെയ്ത ഏറ്റവും വലിയ നന്മ രാജാക്കന്മാരുടെമേൽ മതത്തിനുണ്ടായിരുന്ന സ്വാധീനം ഗണ്യമായി കുറച്ചു എന്നതാണ്. യൂറോപ്യൻ രാഷ്ട്രീയത്തെ ബലഹീനമാക്കി നിറുത്തിയിരുന്ന ശക്തിയായിരുന്നു മതം. അച്ചടിവിദ്യ,വിദ്യാഭ്യാസത്തെയും വായനാശീലത്തെയും പ്രോത്സാഹിപ്പിച്ചു.മാതൃഭാഷയിലുള്ള ബൈബിൾ, വിശ്വാസികൾക്ക് ദൈവവചനം നേരിട്ടു വായിച്ചറിയാൻ സഹായിച്ചു. ഇടനിലക്കാരായ പള്ളിയുടെയും പുരോഹിതന്മാരുടെയും സ്വാധീനവും ചൂഷണവും ഗണ്യമായി കുറഞ്ഞു. ആത്മരക്ഷ പള്ളിയുടെയും പട്ടക്കാരന്റെയും ഔദാര്യം അല്ലെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞു. ഭയത്തിൽനിന്നും അടിമത്തത്തിൽനിന്നും അവർ മോചിതരായി. വ്യക്തിമാഹാത്മ്യത്തിലവർ വിശ്വസിച്ചു.

ലൂതറിന്റെ ലക്ഷ്യം മതനവീകരണമായിരുന്നെങ്കിലും,അതൊരു പുതിയ യുഗത്തിന് പിറവി നൽകി. മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളിലും അത് വൻപിച്ച മാറ്റത്തിന് വഴിയൊരുക്കി.പുതിയ നഗരങ്ങളും സർവ്വകലാശാലകളും ഉയർന്നുവന്നു. സമുദായത്തിലെ പ്രഥമസ്ഥാനം മദ്ധ്യവർഗ്ഗം കയ്യടക്കി. സാമ്പത്തികഭദ്രത അവരെ ഫ്യൂഡലിസത്തിന്റെ അടിമത്തിൽനിന്നും മോചിപ്പിച്ചു. പണമുണ്ടാക്കണമെന്നും ജീവിതംആസ്വദിക്കാനുള്ളതാണെന്നും അവർ കണ്ടെത്തി. ഫ്യൂഡലിസം തകർച്ചയിലേക്ക് തലകുത്തി. മുതലാളിത്ത വ്യവസ്ഥ ഉദയം ചെയ്തു. പണവ്യാപാരവും പലിശയും സ്വീകാര്യമായി. വ്യവസായവിപ്ലവത്തിനും കാർഷികവിപ്ലവത്തിനും തുടക്കമിട്ടു. അഴിമതി അരങ്ങു വാണിരുന്ന ആശ്രമങ്ങൾ മിക്കതും രാജാക്കന്മാർ പിടിച്ചടുത്തു.സർക്കാർ വകയാക്കി. അവയൊക്കെ വ്യവസായസംരഭങ്ങൾക്കുള്ള മൂലധനമാക്കി.

കത്തോലിക്കാസഭയെപിളർത്തിയശേഷം ഒരു പുതിയ ക്രിസ്തീയ സഭക്ക് ജന്മം നൽകണമെന്ന ആശയം ലൂതറിന് ഇല്ലായിരുന്നു. പക്ഷെ അതു സംഭവിച്ചു. കത്തോലിക്കാപള്ളിക്കൊപ്പം പ്രൊട്ടസ്റ്റന്റ്സഭകളും യൂറോപ്പിലെങ്ങും ശക്തിപ്പെട്ടു. രണ്ടു കൂട്ടരും ക്രിസ്തുവിൽ വിശ്വസിച്ചു. ക്രിസ്തുവിനെ ദൈവമായി ആരാധിച്ചു. എങ്കിലും രണ്ടു മതവിഭാഗങ്ങളുടെയും വിശ്വാസപ്രമാണങ്ങൾ വ്യത്യസ്തമായിരുന്നു. മതനവീകരണത്തിന്റെ അഞ്ഞൂറാം വാർഷികം ആഘോഷിക്കുന്ന ഈ മാസത്തിലും പ്രധാന വ്യത്യാസങ്ങൾ മാറ്റമില്ലാതെ തുടരുന്നു.

ബൈബിളിലെ ആശയങ്ങളെപ്പറ്റിയും അവയുടെ പ്രമാണികതയെപ്പറ്റിയും രണ്ടു മതസ്ഥരും വ്യത്യസ്ത തരത്തിലും തലത്തിലുമാണ് ചിന്തിക്കുന്നത്. പ്രൊട്ടസ്റ്റന്റ്കാർക്ക് ബൈബിളാണ് എല്ലാത്തിന്റെയും അടിസ്ഥാനം. അവർക്കത്, ദൈവത്തിന്റെ മനുഷ്യവർഗ്ഗത്തിനുള്ള വെളിപ്പെടുത്തലുകളുടെ സംഗ്രഹമാണ്. ദൈവവുമായി ഒന്നിച്ചു ചേരുന്നതിനുള്ള വഴികാട്ടിയായി അവർ ബൈബിളിനെ അംഗീകരിക്കുന്നു. എന്നാൽ കത്തോലിക്കാപ്പള്ളി ബൈബിൾ മാത്രമല്ല,സഭയുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസത്തിന്റെ ഭാഗമായി അംഗീകരിക്കുന്നു. ലോകത്തിലെ ഏക സത്യസഭ മാർപ്പാപ്പായുടെ പരമാധികാരത്തിലുള്ള കത്ത കത്തോലിക്കാപ്പള്ളി ആണെന്ന് അവകാശപ്പെടുന്നു. മാർപ്പാപ്പാമാർ ക്രിസ്തുശിഷ്യനായ പത്രോസിന്റെ പിൻഗാമികളാണെന്നും അഭിമാനിക്കുന്നു.

ലൂതറിന്റെ മതനവീകരണാനന്തരം ഉടലെടുത്ത ക്രിസ്തീയ മതവിഭാഗങ്ങൾ പൊതുവെ ഇവാഞ്ചലിക്കൽ സഭകൾ എന്നറിയപ്പെടുന്നു. ബൈബിളിനെ പൂർണമായും അടിസ്ഥാനമാക്കിയുള്ള വിശ്വാസപ്രമാണങ്ങളാണ് അവർക്കാധാരം. പ്രൊട്ടസ്റ്റന്റ് മതവിഭാഗങ്ങൾ പോപ്പിനേയും പോപ്പിന്റെ പരമാധികാരത്തെയും അംഗീകരിക്കുന്നില്ല. പോപ്പിന്റെ തെറ്റാവരവാദത്തെ(infallibility) ലൂതർ നിശിതമായി വിമർശിച്ചു. പോപ്പ് എന്ന ആശയം തന്നെ ബൈബിൾ പ്രബോധനങ്ങൾക്ക് നിരക്കാത്തതാണെന്ന് ലൂതർ വിശ്വസിച്ചു.

മാമ്മോദീസ, വിശുദ്ധകുർബാന, കുമ്പസാരം, തിരുപ്പട്ടം, എന്നിങ്ങനെ ഏഴു കൂദാശകൾ കത്തോലിക്കാസഭ വിശ്വാസികൾക്ക് വരദാനമായി നൽകുന്നു. ലൂതറിന്റെ അഭിപ്രായത്തിൽ, മാമ്മോദീസായും, വിശുദ്ധ കുർബാനയും മാത്രമാണ് ക്രിസ്തു സ്ഥാപിച്ച കൂദാശകൾ. മറ്റുള്ള കൂദാശകൾ കത്തോലിക്കാപ്പള്ളിയുടെ കലാകാലങ്ങളിലുള്ള കണ്ടുപിടിത്തങ്ങളായി ലൂതർ തള്ളിക്കളഞ്ഞു. കന്യകാമറിയത്തെയും, പുണ്ണ്യവാന്മാരെയും വണങ്ങുന്നതും പ്രൊട്ടസ്റ്റന്റ് മതവിഭാഗങ്ങൾക്കു സ്വീകാര്യമല്ല. കത്തോലിക്കാസഭയുടെ പുരോഹിത ബ്രഹ്മചര്യ നിബന്ധനയും ലൂതറിന്റെ വിമർശനത്തിന് പാത്രമായി.

വിവാഹം, ലൈഗികത, കുടുംബജീവിതം തുടങ്ങിയ സാമൂഹ്യ കാര്യങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന മനോഭാവത്തിന് കാതലായ മാറ്റം വരുത്തുവാൻ മതനവീകരണം വഴിതെളിച്ചു. പുരോഹിത ബ്രഹ്മചര്യവും, കന്യാവ്രതവും, ആശ്രമജീവിതവും ലൂതർ പുച്ഛിച്ചുതള്ളി. വിവാഹ ജീവിതത്തിന്റെ അന്തസ്സിനെ ഉയർത്തിക്കാട്ടി. സ്ത്രീകളെ, സമുദായം ആദരിക്കാൻ പ്രേരണനൽകി. കന്യകാലയത്തിൽ നിന്നും കന്യാസ്ത്രികൾ പുറത്തു വരാനും വിവാഹജീവിതത്തിൽ ഏർപ്പെടാനും തയാറായി. പ്രൊട്ടസ്റ്റന്റ് പാതിരിമാരും കുടുംബജീവിതത്തെ സ്വാഗതംചെയ്തു. ഒരു മുൻ കന്യാസ്ത്രീ ആയിരുന്ന കാതറിൻ വോൺ ബോറയെ വിവാഹം ചെയ്ത്, ലൂതർ മാതൃക കാണിച്ചു.

പതിനാറാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും കത്തോലിക്കാപ്പള്ളിയും പ്രൊട്ടസ്റ്റന്റ് മതവിഭാഗവും പരസ്പരം ശത്രുതയിൽ കഴിഞ്ഞു. പ്രൊട്ടസ്റ്റന്റ്മതാനുഭാവികൾ പോപ്പിനെ ആന്റിക്രൈസ്റ്റ്(antichrist) ആയി മുദ്രകുത്തിയപ്പോൾ, കത്തോലിക്കർ ലൂതറിനെ പന്നി എന്ന് വിളിച്ചധിക്ഷേപിച്ചു. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഇരു സഭകളും പരസ്പരം അടുക്കാനും സഹകരിക്കാനും സന്നദ്ധരായി. ഈ നൂറ്റാണ്ടിൽ ക്രിസ്തുമതം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നേരിടാൻ രണ്ടു കൂട്ടരും കൈ കോർക്കുന്നു.ലൂതറനിസത്തിന്റെ ചില ആശയങ്ങളെ അംഗീകരിക്കാൻ കത്തോലിക്കാസഭ മനസ്സ് കാണിച്ചു. 1962 -ൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പാ വിളിച്ചുകൂട്ടിയ രണ്ടാം വത്തിക്കാൻ സൂനഹദോസിൽ, ലൂതർ മുന്നോട്ടുവച്ച പലകാര്യങ്ങളും ചർച്ചാവിഷയമായി. മാതൃഭാഷയിൽ രചിച്ച ബൈബിൾ, മാതൃഭാഷയിലുള്ള ആരാധനാക്രമങ്ങൾ, പള്ളിക്കർമ്മങ്ങൾക്കിടയിലുള്ള ഭക്തിഗാനങ്ങൾ തുടങ്ങിയവ ലൂതറിന്റെ സംഭാവനയാണ്.

മാർട്ടിൻ ലൂതർ ജന്മംകൊടുത്ത മതനവീകരണവിപ്ലവത്തിനുശേഷം കത്തോലിക്കരും ലൂതറൻസും തമ്മിലുണ്ടായ വൈരാഗ്യവും വിദ്വേഷവും നൂറ്റാണ്ടുകളോളം നീണ്ടുനിന്നു. ഇതിന് കുറച്ചൊരു ശമനമായത് 1962-ൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പാ വിളിച്ചുകൂട്ടിയ രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷമാണ്. രണ്ടു ലോകമഹായുദ്ധങ്ങളും, ജനാധിപത്യഭരണത്തിന്റെ ഉദയവും, മതാധിപത്യത്തിന്റെ തളർച്ചയും, മതനിരപേക്ഷതക്കും നിരീശ്വരവാദത്തിനും ലഭിച്ച സ്വീകാര്യതയും മതമേധാവികൾ അപകടസൂചനയായി മനസ്സിലാക്കിയിട്ടുണ്ടാവണം.

രണ്ടാം വത്തിക്കാൻ സൂനഹദോസിലെ ചർച്ചകളുടെ വെളിച്ചത്തിൽ, പരസ്പരം മല്ലടിച്ചും വിഘടിച്ചും നിൽക്കുന്ന ക്രിസ്തീയസഭകൾ തമ്മിലുള്ള ഐക്യത്തിന്റെ ആവശ്യകതയും പ്രാധാന്യവും അംഗീകരിക്കപ്പെട്ടു. സഭകൾതമ്മിലുള്ള വ്യത്യാസത്തിനുപരിയായി സമാനതകളെ കാണാനും ആദരിക്കാനും ഇരുസഭകളും സന്നദ്ധരായി.1964-ൽ സഭകൾതമ്മിലുള്ള സൗഹാർദ്ദ സംഭാഷണത്തിന് തുടക്കമായി.1964 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ അൻപതിലധികം സംഭാഷണങ്ങൾ നടത്തപ്പെടുകയുണ്ടായി.1999-ൽ, ഇരു സഭകളും, പരസ്പര സംഭാഷണത്തിലൂടെ പല വിയോജിപ്പുകളെയും തരണം ചെയ്തതായി ഒരു സംയുക്ത പ്രഖ്യാപനം പുറപ്പെടുവിച്ചു. തുടർന്ന്, 2015 ഒക്ടോബർ31ന് സഭകൾ തമ്മിലുള്ള പൂർണ്ണ ഐക്യത്തിന് ആഹ്വാനം ചെയ്തുകൊണ്ടുള്ള ഒരു സുപ്രധാന പ്രഖ്യാപനവുമുണ്ടായി.

കഴിഞ്ഞവർഷം ഒക്ടോബർ 31-ന് സ്വീഡനിൽ വച്ച് കത്തോലിക്കരും ലൂതറൻസും ഒരു സംയുക്ത സമ്മേളനം നടത്തുകയുണ്ടായി. മാർട്ടിൻ ലൂതറിന്റെ മതനവീകരണ വിപ്ലവത്തിന്റെ അഞ്ഞൂറാം വാർഷികത്തിന്റെ, അവസാനവർഷസ്മരണ കൊണ്ടാടുകയായിരുന്നു സമ്മേളനത്തിന്റെ മുഖ്യ ഉദ്ദേശം. പ്രസ്തുത സമ്മേളനത്തിൽ ധർമ്മോപദേശം നൽകിയത് പോപ്പ് ഫ്രാൻസിസ് ആയിരുന്നു. സമ്മേളനവേളയിലെ പ്രാത്ഥനയിൽ ഇരുസഭകളും കഴിഞ്ഞകാലത്തു കാട്ടിക്കൂട്ടിയ കടുംകൈകൾക്കും തെറ്റുകൾക്കും, പാപ്പാ, ഖേദം പ്രകടിപ്പിക്കുകയും ഈശ്വരനോട് മാപ്പിരക്കുകയും ചെയ്തു. മതനവീകരണകാലത്തെ കത്തോലിക്കാസഭയിൽ നടമാടിയിരുന്ന ലൗകികതയെയും,അഴിമതികളെയും, പണക്കൊതിയെയും അധികാരഗർവിനെയും പാപ്പാ വേദനയോടെ സ്മരിച്ചു. സുവിശേഷത്തിന്റെ

മാഹാത്മ്യം ഉയർത്തിപ്പിടിച്ച ലൂതറിനെ അദ്ദേഹം കൃതജ്ഞതാപൂർവം അഭിനന്ദിച്ചു. 1521-ൽ, ലിയോ പത്താമൻ മാർപ്പാപ്പാ മതനിന്ദ ആരോപിച്ചു മഹറോൻ ചൊല്ലി സഭക്കു പുറത്താക്കിയ മാർട്ടിൻ ലൂതറിനെ, 2016-ൽ ഫ്രാൻസിസ് മാർപ്പാപ്പാ വിശേഷിപ്പിച്ചത് മഹാൻ എന്നാണ്. മതനവീകരണത്തിന്റെ അഞ്ഞൂറുവർഷത്തിന്റെ ഓർമ്മ ക്രിസ്തീയ സഭകളുടെ ഐക്യത്തിനും പരസ്പരബഹുമാനത്തിനും ഇടയാക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

കഴിഞ്ഞ അഞ്ചു ദശാബ്ദക്കാലമായി കത്തോലിക്കരും ഇതര ക്രിസ്തുമതവിശ്വാസികളും യോജിപ്പിലും അടുപ്പത്തിലും പരസ്പര ബഹുമാനത്തിലും ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു. പക്ഷെ, കാതലായ ചില വിശ്വാസകാര്യങ്ങളിൽ രണ്ടു കൂട്ടരും കാതങ്ങൾ അകലെയാണ്. കന്യകാമറിയത്തോടുള്ള വണക്കം, ശുദ്ധീകരണസ്ഥലസിദ്ധാന്തം, പാപ്പായുടെ പരമാധികാരം, കൂദാശ ചെയ്ത അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു എന്നിങ്ങനെയുള്ള കത്തോലിക്കാവിശ്വാസങ്ങൾ മറ്റു ക്രിസ്തീയമതങ്ങൾക്കു സ്വീകാര്യമല്ല. ഈ സാഹചര്യത്തിൽ 'ഒരുസഭയും ഒരുഇടയനും' എന്ന ലക്ഷ്യത്തിന്റെ സാധ്യതയിൽ സംശയാലുക്കൾ ഏറെയാണ്.

പതിനാറാം നൂറ്റാണ്ടിലെ കത്തോലിക്കാപ്പള്ളിയുടെ പിഴച്ച പോക്കിനെ തടയുക മാത്രമായിരുന്നില്ല ലൂതറിന്റെ ലക്ഷ്യം. നൂറ്റാണ്ടുകളായി പള്ളിയുടെ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അടിയിൽ മൂടിയിട്ടിരുന്ന ആദിമ ക്രിസ്ത്യൻസഭയെ വെളിച്ചത്തു കൊണ്ടുവരാനായിരുന്നു ലൂതർ പ്രധാനമായും ശ്രമിച്ചത്. ലൂതറിന്റെ ശ്രമങ്ങളും നേട്ടങ്ങളും വിലയിരുത്തുമ്പോൾ ഒരുകാര്യം വ്യക്തമാകുന്നു: ക്രിസ്തീയ സഭകളുടെ ഇന്നത്തെ പ്രവർത്തനശൈലിയുടെ നേർക്ക് പുതിയ ഒരു നവീകരണത്തിന്റെ വിരൽ നീളുന്നു. പോപ്പ് ഫ്രാൻസിസ്, കഴിഞ്ഞ വർഷം സ്വീഡനിൽവച്ചു മത നവീകരണത്തെപ്പറ്റി പ്രസ്താവിച്ചത് ഇവിടെ ശ്രദ്ധാർഹമാണ്: "church is called to be semper reformande-always reforming". സ്ത്രീകളുടെ പൗരോഹിത്യവിഷയത്തിലുള്ള കത്തോലിക്കാസഭയുടെ വിരുദ്ധ മനോഭാവമായിരിക്കട്ടെ അടുത്ത നവീകരണവിഷയം എന്ന് നമുക്കാശിക്കാം.

------ ------------------------- ------